പതിനാലാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 6282 — 20/11/2019-ലെ മറുപടി

# കേരള വാട്ടർ അതോറിറ്റിയിലെ എൽ.ഡി.ടൈപ്പിസ്റ്റ് നിയമനം

**ചോദ്യം**

ഡോ. എൻ.ജയരാജ്

**മറുപടി**

കെ.കൃഷ്ണൻകുട്ടി
(ജലവിഭവ വകുപ്പുമന്ത്രി)

(എ) കേരളാ വാട്ടർ അതോറിറ്റിയിൽ ടൈപ്പിസ്റ്റിന്റെ കേഡർ തസ്തിക എത്രയെണ്ണമാണ് അംഗീകരിച്ചിരിക്കുന്നത്; ഓരോ തസ്തികയുടെയും കേഡർ എണ്ണം വെളിപ്പെടുത്താമോ;

(എ) കേരള വാട്ടർ അതോറിറ്റിയിലെ ടൈപ്പിസ്റ്റിന്റെ കേഡർ തസ്തികയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| | തസ്തിക | എണ്ണം |
|---|---|---|
| 1. | എൽ.ഡി.ടൈപ്പിസ്റ്റ് | 65 |
| 2. | യു.ഡി.ടൈപ്പിസ്റ്റ് | 65 |
| 3. | സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ് | 65 |
| 4. | സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് | 64 |
| 5. | ഫെയർ കോപ്പി സൂപ്രണ്ട് | 6 |

(ബി) ടൈപ്പിസ്റ്റിന്റെ പ്രസ്തുത കേഡർ തസ്തികയിൽ ഇപ്പോൾ സ്ഥിരം നിയമനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവർ എത്രയെന്നും ഏതൊക്കെ തസ്തികയിലെന്നും വെളിപ്പെടുത്തുമോ;

(ബി) ടൈപ്പിസ്റ്റ് തസ്തികയിൽ ഇപ്പോൾ സ്ഥിരം നിയമനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | തസ്തിക | എണ്ണം |
|---|---|---|
| 1. | എൽ.ഡി.ടൈപ്പിസ്റ്റ് | 6 |
| 2. | യു.ഡി.ടൈപ്പിസ്റ്റ് | 63 |
| 3. | സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ് | 64 |
| 4. | സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് | 64 |
| 5. | ഫെയർ കോപ്പി സൂപ്രണ്ട് | 6 |

(സി) ഒഴിവുള്ള ടൈപ്പിസ്റ്റ് തസ്തികകളിൽ കരാർ/താൽക്കാലിക അടിസ്ഥാനത്തിൽ നിയമനം നടത്തിയിട്ടുണ്ടോ; സ്ഥിരം തസ്തികയിൽ പി.എസ്.സി. വഴി നിയമനം നടത്താത്തതിന്റെ സാംഗത്യം വെളിപ്പെടുത്തുമോ;

(ഡി) ഒഴിഞ്ഞുകിടക്കുന്ന സ്ഥിരം ടൈപ്പിസ്റ്റ് തസ്തികകൾ പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്ത് അടിയന്തരമായി നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

(സി) (ഡി) നിലവിൽ ഒഴിവുള്ള ടൈപ്പിസ്റ്റ് തസ്തികകളിൽ കരാർ/താൽക്കാലിക അടിസ്ഥാനത്തിൽ നിയമനം നടത്തിയിട്ടില്ല.
ടി തസ്തികയിലേക്കുള്ള നിയമനത്തിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.

Renuka Sankar
സെക്ഷൻ ഓഫീസർ

JSK/